ഉത്തരം

ഓണക്കാലത്ത് (2005) പച്ചക്കറി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾ സുലഭമായും വിലക്കുറവായും ലഭ്യമാക്കാൻ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിപുലമായ നടപടികൾ സ്വീകരിച്ചു വരികയാണ്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ അഞ്ച് സിറ്റി കോർപ്പറേഷനുകളിൽ രണ്ടാഴ്ചക്കാലം നീണ്ടുനിൽക്കുന്ന 5 മെട്രോ ഫെയറുകളും മറ്റ് ഒൻപത് ജില്ലാ ആസ്ഥാനങ്ങളിലും എറണാകുളം ജില്ലയിൽ തൃപ്പണിത്തുറയിലും 10 ദിവസം നീണ്ടുനിൽക്കുന്ന പത്ത് ജില്ലാ ഫെയറുകളും മുനിസിപ്പൽ, താലൂക്ക് ആസ്ഥാനങ്ങളിൽ 5 ദിവസം നീണ്ടു നിൽക്കുന്ന ഓണച്ചന്തകളും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ഈ വിൽപ്പന കേന്ദ്രങ്ങളിലൂടെ നിത്യോപയോഗ സാധനങ്ങളും പച്ചക്കറികളും പൊതുകമ്പോളത്തിലെ വിലയേക്കാൾ വില കുറച്ച് വിൽപ്പന നടത്തുന്നതാണ്. ഇതു കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്ഥിരം വിപണന ശൃംഖലകളായ മാവേലി സ്റ്റോറുകൾ, ശബരി സപ്ലൈകോ, സൂപ്പർ മാർക്കറ്റുകൾ, ശബരി സ്റ്റോറുകൾ, മൊബൈൽ മാവേലി സ്റ്റോറുകൾ എന്നിവവഴിയും എല്ലാ നിത്യോപയോഗ സാധനങ്ങളും പൊതു വിപണിയേക്കാൾ കുറഞ്ഞ നിരക്കിൽ വിതരണം നടത്തുന്നതാണ്.

ഇത് കൂടാതെ പൊതുകമ്പോളത്തിലെ എല്ലാ കടകളിലും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുവാൻ നിർദ്ദേശങ്ങൾ നൽകുകയും, വകുപ്പുതലത്തിൽ വ്യാപാര സ്ഥാപനങ്ങളിൽ മിന്നൽ പരിശോധനകൾ നടത്തിയും വിലക്കയറ്റം പിടിച്ചുനിർത്താൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എഫ്. സി. ഐ. ഗോഡൗണുകൾ സംരക്ഷിക്കാൻ നടപടി

75 [2825] *ശ്രീ. പിരപ്പൻകോട് മുരളി:*
,, *സാജു പോൾ:*
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം ശക്തമായി നടപ്പിലാക്കുന്ന സംസ്ഥാനമെന്ന നിലയിൽ കേരളത്തിലെ എഫ്. സി. ഐ. ഗോഡൗണുകൾ സംരക്ഷിക്കാൻ സർക്കാർ നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കേരളത്തിലെ എഫ്. സി. ഐ. ഗോഡൗണുകൾക്ക് സംരക്ഷണം നൽകേണ്ട സാഹചര്യം ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കുക്കിംഗ് ഗ്യാസിന് നിലനിൽക്കുന്ന ക്ഷാമം

76 [2826] *ശ്രീ. ടി. കെ. ദേവകുമാർ:*

,, *വി. കെ. സി. മമ്മത്കോയ:*

,, *എ. സി. മൊയ്തീൻ:*

,, *വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുക്കിംഗ് ഗ്യാസിന് വൻതോതിൽ ക്ഷാമം അനുഭവപ്പെടുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ബി) ഇതു പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പാചകവാതക സിലിണ്ടറുകളുടെ ദുരുപയോഗം തടയുന്നതിനായി ഓയിൽ കമ്പനികൾ, ഗ്യാസ് ഏജൻസികൾക്കുള്ള അലോട്ട്മെന്റിൽ കുറവുവരുത്തിയതും ടാങ്കർ ലോറി സമരംമൂലം റീഫില്ലിംഗ് പ്ലാന്റുകളുടെ പ്രവർത്തനം നിലച്ചതും, ഗാർഹികാവശ്യ പാചകവാതക സിലിണ്ടറുകൾ ഹോട്ടലുകളിലും വാഹനങ്ങളിലും മറ്റും ദുരുപയോഗം ചെയ്യുന്നതും സംസ്ഥാനത്ത് നേരിയ തോതിൽ കുക്കിംഗ് ഗ്യാസിന് ക്ഷാമം അനുഭവപ്പെടുന്നതിന് കാരണമായിട്ടുണ്ട്.

(ബി) പാചകവാതക സിലിണ്ടറുകളുടെ ദുരുപയോഗം തടയുന്നതിന് ഹോട്ടലുകൾ, വാഹനങ്ങൾ എന്നിവ പരിശോധിക്കുകയും കുറ്റക്കാർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പരാതിക്കിട നൽകാതെ ഗ്യാസ് വിതരണം ചെയ്യുന്നതിന് ഗ്യാസ് ഏജൻസികൾക്ക് നിർദ്ദേശം നൽകുകയും ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കൂടുതൽ സിലിണ്ടറുകൾ നൽകുന്നതിന് ഓയിൽ കമ്പനികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly